# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ - ഇ.കെ.എം (പി.12)1183/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ - ഇ.കെ.എം (പി.12)1183/22 തീയ്യതി: 08/08/2022

## എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ടി ഒ പോളി, ഓഡിറ്റ് ഓഫീസർ
റഷീദ് സി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ബെറ്റ്സി സി എക്സ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ റ്റി ജി അനൂബ് | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ദിവ്യ ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ ആർ വിജയം | സെക്രട്ടറി | 01-04-2020 | 19-04-2020 |
| വിജയമാലിനി പി ആർ | അസി:സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്) | 20-04-2020 | 28-04-2020 |
| സിന്ധുമോൾ വി എസ് | സെക്രട്ടറി | 29-04-2020 | 31-03-2021 |
| വിജയമാലിനി പി ആർ | അസി:സെക്രട്ടറി | 01-04-2020 | 03-09-2020 |
| വിജയശ്രീ പി പി | അസി:സെക്രട്ടറി | 04-09-2020 | 31-03-2021 |
| മഞ്ജുഷ പി എച്ച് | അസി:എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ആതിര പി സി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ:എം എസ് ശ്രീകുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 05-03-2021 |
| ഡോ:വി എ നവാസ് | വെറ്ററിനറി സർജൻ | 06-03-2021 | 31-03-2021 |
| ഡോ:മഞ്ജു കെ എസ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 02-02-2021 |
| ഡോ:ജീന ജോസഫ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി( ഇൻ ചാർജ്) | 03-02-2021 | 31-03-2021 |
| അംബിക വി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| മേരി ഷിനോയ് | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ രാഖി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ ബിന്ദു സേവ്യർ | മെഡിക്കൽ ഓഫീസർ, ആയർവേദം | 01-04-2020 | 31-03-2021 |
| രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| വിജയ എം വി | വി ഇ ഒ ചേന്ദമംഗലം | 01-04-2020 | 03-09-2020 |
| സാബിക്ക് റ്റി എസ് | വി ഇ ഒ ചേന്ദമംഗലം(ഇൻ ചാർജ്ജ്) | 04-09-2020 | 31-12-2020 |
| സന്ധ്യ പി എസ് | വി ഇ ഒ ചേന്ദമംഗലം | 01-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| ലിജി കെ വി | വി ഇ ഒ വടക്കുംപുറം | 01-04-2020 | 15-07-2020 |
| സാബിക്ക് റ്റി എസ് | വി ഇ ഒ വടക്കുംപുറം | 16-07-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 27-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 27-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 27-06-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 27-06-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 27-06-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 27-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 28-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-10 |
| 12 | സേവന ഫീസ് - നഗരസഭ തീരുമാനം എടുത്തില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 28-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-11 |
| 13 | കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.<br>Written By: T.O.Polly (Audit Officer, On 29-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-12 |
| 14 | മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവ് വിവരങ്ങൾ അടങ്ങുന്ന രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Betsy C.X (Auditor, On 29-06-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 30-06-2022) | 1-13 |
| 15 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതി- അപാകതകൾ<br>Written By: Betsy C.X (Auditor, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-14 |
| 16 | തൊഴിലുറപ്പ് പദ്ധതി - ജി എസ് ടി - ഈടാക്കിയിട്ടില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 28-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-15 |

| | | |
|---|---|---|
| 17 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Betsy C.X (Auditor, On 29-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-16 |
| 18 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Betsy C.X (Auditor, On 29-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-17 |
| 19 | സംരക്ഷണ ഭിത്തിക്ക് സിമന്റ് ഉപയോഗിച്ച് കരിങ്കല്ല് കെട്ടുന്നത് അംഗീകരിക്കാനാകില്ല.<br>Written By: T.O.Polly (Audit Officer, On 29-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-18 |
| 20 | അധികം കമ്പി ഉപയോഗിച്ചത് വിശദീകരണം നൽകേണ്ടതാണ്.<br>Written By: T.O.Polly (Audit Officer, On 29-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-19 |
| 21 | ടോയ് ലറ്റ് നിർമ്മാണ പ്രൊജക്ട് - വ്യവസ്ഥകൾ പാലിച്ചില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 28-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 25-07-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-4 |
| 5 | വായ്പ/ വായ്പാതിരിച്ചടവ്<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-8 |
| 9 | ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 27-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020 - 21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 25.03.2020 തീയതിയിലെ 2(1) ആം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3243193.00 | 12939148.00 |
| വരവ് | 245771000.00 | 100393381.50 |
| ആകെ | 249014193.00 | 113332529.50 |
| ചെലവ് | 247080635.00 | 92490431.00 |
| നീക്കിയിരിപ്പ് | 1933558.00 | 20842098.50 |

ബജറ്റിലെയും, വാർഷിക ധനകാര്യ പത്രികയിലെയും കണക്കുകൾ തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി വലിയ തോതിലുള്ള വ്യത്യാസം വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.
2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.7.2021 | 18-8-2021 |

ധനകാര്യ പത്രിക സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ ഡിമാന്റ്, പിരിവ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.
4.സി എഫ് എൽ റ്റി സി അക്കൗണ്ട് - ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, പുത്തൻവേലിക്കര ബ്രാഞ്ചിൽ 30.07.2020 ന് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട് ( അക്കൗണ്ട് നം 39538091444). എന്നാൽ പ്രസ്തുത അക്കൗണ്ടിലെ വരവ് ചെലവ് വിവരങ്ങൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വരവ് ചെലവ് കണക്കുകൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 12939148.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 100393381.50 |
| ആകെ | | 113332529.50 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 92490431.00 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | | 20842098.50 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6009797.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23480440 | 23480440 | 22406667 | 0 | 1073773 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5578098 | 5578098 | 2396587 | 0 | 3181511 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8855000 | 8855000 | 8855000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4220873 | 4220873 | 4216845 | 0 | 4028 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 5730000 | 5730000 | 2596486 | 0 | 3133514 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 11724142 | 11724142 | 9354962 | 0 | 2369180 |
| സാക്ഷരത | 8417 | 407 | 8824 | 0 | 8824 | 0 |
| അങ്കണവാടി പൂരക പോഷകാഹാരം | 98631 | 887743 | 986374 | 885943 | 100431 | |
| ആശ്രയ | 0.50 | 1370678 | 1370678.50 | 1370678 | 0.50 | |
| ലൈഫ് സംസ്ഥാന വിഹിതം | 360000 | 1260000 | 1620000 | 1160000 | 460000 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 504394 | 0 | 504394 | 0 | 504394 | |
| ശുചിത്വ മിഷൻ | 808298 | 1481918 | 2290216 | 67380 | 2222836 | |
| വിമുക്തി | 75500 | 200000 | 275500 | 0 | 275500 | |
| സാനിറ്റേഷൻ | 391870 | 0 | 391870 | 0 | 391870 | |
| ബഡ് സ് സ്കൂൾ | 200000 | 20137 | 220137 | 0 | 220137 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 265 | 55329290 | 198 | 40892436 | 36 | 31 | 75 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 354475 | 1151689 | 1506164 | 1488332 | 17832 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25249766 | 25249766 | 25249766 | 0 |
| ആകെ | 354475 | 26401455 | 26755930 | 26738098 | 17832 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 1111600 | 58 |
| വിധവാപെൻഷൻ | 26101900 | 1432 |
| വാർദ്ധക്യകാല പെൻഷൻ | 54297200 | 3504 |
| വികലാംഗ പെൻഷൻ | 7459400 | 403 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 3231900 | 172 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1615/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.തീർപ്പാക്കാനുള്ള ഫയലുകളുടെ വിവരം

ഗ്രാമ പഞ്ചായത്തുകളിലെ ഫയലുകളുടെ സ്ഥിതി വിവരം ( ഐ എൽ ജി എം എസിൽ നിന്ന് ലഭ്യമായത് ) താഴെ ചേർക്കുന്നു.

| | |
|---|---|
| ഡിലേയ്ഡ് ഫയലുകളുടെ എണ്ണം | 865 |
| പെൻഡിംഗ് ഫയലുകളുടെ എണ്ണം | 67 |
| പാർക്ക്ഡ് ഫയലുകളുടെ എണ്ണം | 216 |
| സ്കിപ്പ് ഡ് ഫയലുകളുടെ എണ്ണം | 18 |
| ഡിസ്പോസ്ഡ് ഫയലുകളുടെ എണ്ണം | 16655 |
| ആക്ഷൻ റ്റു ബി ടേക്കൺ ഫയലുകളുടെ എണ്ണം | 1357 |
| സെക്രട്ടറിയുടെ പക്കലുള്ള പെൻഡിംഗ് ഫയലുകളുടെ എണ്ണം | 18 |

സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ട ചില ഫയലുകൾ തീർപ്പാക്കിയിട്ടില്ലാത്തതായി കാണുന്നു. ഐ എൽ ജി എം എസ് റിയൽ ടൈം സോഫ്റ്റ് വെയർ അല്ലാത്തതിനാൽ സീറ്റുകളിൽ തീർപ്പാക്കിയ ഫയലുകളുടെ വിവരം അതത് സമയം അപ്ഡേറ്റ് ചെയ്യപ്പെടുന്നില്ല. സീറ്റുകളിൽ പെൻഡിംഗ് നിൽക്കുന്ന ഫയലുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ | സീറ്റ് | പെൻഡിംഗ് |
|---|---|---|

| നം | | ഫയലുകളുടെ എണ്ണം |
|---|---|---|
| 1 | A2 | 11 |
| 2 | A3 | 3 |
| 3 | A4 | 9 |
| 4 | A5 | 2 |
| 5 | A7 | 1 |
| 6 | A8 | 5 |
| 7 | A9 | 2 |
| 8 | AE LSGD | 2 |
| 9 | AS | 3 |
| 10 | JS | 6 |
| 11 | OVERSEAR LSGD | 4 |
| 12 | SECRETARY | 18 |
| 13 | VILLAGE EXTENSION OFFICER | 1 |

ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പഞ്ചായത്തിൽ നിന്ന് വിവിധ സേവനങ്ങൾ ആവശ്യപ്പെട്ട് വരുന്നവർക്ക് അത്യാവശ്യമായ സൗകര്യങ്ങളോടു കൂടി ഫ്രണ്ട് ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

3. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡി സി ബി കണക്കാക്കി രേഖപ്പെടുത്തുന്നില്ല. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയത് പ്രകാരം ഡി സി ബി കണക്കാക്കേണ്ടതുമാണ്.
4. അഡ്വാൻസ് രജിസ്റ്ററിൽ തിരികെ ലഭിച്ച തുകകളും, നീക്കിയിരിപ്പും രേഖപ്പെടുത്തുന്നില്ല.
5. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ കൃത്യമായ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
6.

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയത് 26/08/2020മുതലാണ്.ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ച് തുടങ്ങിയത് 28.09.2020 ലാണ്. 01/04/2020മുതൽ 27/09/2020 വരെയുള്ള കണക്കുകൾ സാംഖ്യയിൽ തയ്യാറാക്കിയത് Past Data Entry ( PDE ) വഴി 28/09/2020 ൽ ILGMS ലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് 01.04.2020 മുതൽ 31.03.2021 വരെയുള്ള വാർഷിക ധനകാര്യപ്പത്രിക തയ്യാറാക്കിയിട്ടുണ്ട്. ഈ വാർഷിക ധനകാര്യപ്പത്രികയിൽ 31.03.2020 ലെ ബാലൻസ് ഷീറ്റിലെ ബാലൻസ് തുകകൾ 01.04.2020 ലെ ILGMS ഓപ്പണിംഗ് ബാലൻസിലേക്ക് കൊണ്ടുവന്നപ്പോൾ ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ കൂട്ടിച്ചേർക്കപ്പെടുകയും, ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ വിഭജിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കൂട്ടിച്ചേർക്കപ്പെടുകയും, വിഭജിക്കപ്പെടുകയും ചെയ്ത അക്കൗണ്ട് ഹെഡുകളിലെ ആകെ തുകയും, സാംഖ്യവഴി മുൻബാലൻസ് ഷീറ്റിൽ ഉണ്ടായിരുന്ന ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്. 31.03.2020 ലെ ബാലൻസ് ഷീറ്റ് ഓപ്പണിംഗ് ബാലൻസ് ആയും 27.09.2020 ലെ രസീപ്റ്റ്& പേയ്മെന്റ് , ഇൻകം & എക്സ്പെൻഡിച്ചർ എന്നിവ ഐ എൽ ജി എം എസിലേക്ക് ചേർക്കുകയാണ് ചെയ്തത്. ഡിമാന്റ് ഇടാത്ത ഇനങ്ങൾക്ക് ( വാടക, ലേലം, തൊഴിൽ നികുതി മുതലായവ ) രസീപ്റ്റ്& പേയ്മെന്റ് , ഇൻകം & എക്സ്പെൻഡിച്ചർ എന്നിവയിൽ വരുമ്പോൾ ഇരട്ടിപ്പിനുള്ള സാധ്യതയുണ്ട്. ഇക്കാര്യത്തിൽ വ്യക്തതയില്ല.

1.ഇൻകം & എക്സ് പെൻഡിച്ചർ സ്റ്റേറ്റ് മെന്റിൽ Prior Period Items സാംഖ്യ പ്രകാരം ഒരു ഷെഡ്യൂൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ILGMS-ൽ വരവിന് 1-ൽ തുടങ്ങുന്ന Prior Period Items(Net)- 1-19, ചെലവിന് 2-ൽ തുടങ്ങുന്ന Prior Period Items(Net)- 1-18 എന്നീ രണ്ട് ഷെഡ്യൂളുകൾ കൂടിയുണ്ട്. അതിൽ ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യപ്പത്രികയിൽ 2-ൽ തുടങ്ങുന്ന Prior Period Items(Net)- 1-18 ഷെഡ്യൂൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതേസമയം ഓഡിറ്റ് വേളയിൽ ഓൺലൈനായി പരിശോധിച്ച വാർഷിക ധനകാര്യപ്പത്രികയിൽ വരവിന് 1-ൽ തുടങ്ങുന്ന Prior Period Items(Net)- 1-19 ഉൾപ്പെട്ടിട്ടുണ്ട്. ഇതുമൂലം ഇൻകം & എക്സ് പെൻഡിച്ചർ സ്റ്റേറ്റ് മെന്റിൽ നിന്നുള്ള അറ്റ ചെലവിൽ (Net Expenditure) വ്യത്യാസം വന്നിട്ടുണ്ട്.

ഇതിന്റെ ഫലമായി Gross Surplus/ Deficit Of Income Over Expenditure After Prior Period Item എന്നതിലും, Transfer To

Reserve Fund ( Net Balance Being Surplus/ Deficit Carried Over To Balalnce Sheet എന്നതിലും വ്യത്യാസം വന്നിട്ടുണ്ട്.

2. സാംഖ്യയിൽ ഓരോ ബാങ്ക് / ട്രഷറി അക്കൗണ്ടിനും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട്സ് ട്രയൽ ബാലൻസിൽ രേഖപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ ILGMS-മുഖേന തയ്യാറാക്കിയിരിക്കുന്ന വാർഷിക ധനകാര്യപ്പത്രികയിലെ ട്രയൽ ബാലൻസിൽ താഴെപ്പറയുന്ന പ്രകാരം ബാങ്ക്/ ട്രഷറി എന്നിവയ്ക്കായി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് മാത്രമേ ഉള്ളൂ.

| | |
|---|---|
| 450 210 101 | Nationalised Bank Account For Own Fund Revenue Fund |
| 450 210 101 | Co-Operative Bank Account For Own Fund Revenue Fund |
| 450 210 101 | Post Office Bank Account For Own Fund Revenue Fund |
| 450 210 101 | Treasury Accounts For Traditional Functions Fund |
| 450 210 101 | Treasury Accounts Of Development Funds |

ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടുകൾക്കെല്ലാം കൂടി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ട്രാൻസ് സാക്ഷൻ ഡീറ്റയിൽസ് ട്രയൽ ബാലൻസിലൂടെ പരിശോധിക്കാനാവുന്നില്ല. അതേസമയം ട്രഷറി അക്കൗണ്ടുകൾക്ക് തരം തിരിച്ച് ഹെഡ് ഓഫ് അക്കൗണ്ട്സ് നല്കിയിട്ടുമുണ്ട്.

3.സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ ( Birth & Death And Marriage Registration ), സാംഖ്യ ( ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ ( വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

4. വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേമെന്റ് , കാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ് എന്നിവയോടൊപ്പം ലഭ്യമായിരുന്ന ബാലൻസ് ഷീറ്റിന്റെ ഭാഗമായ B1 ഷെഡ്യൂൾ ILGMS അക്കൗണ്ട്സിന്റെ ഭാഗമായി ലഭ്യമാകുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാനോ, കൃത്യത ഉറപ്പുവരുത്താനോ സാധിക്കുന്നില്ല.

5. സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധനവിധേയമാക്കാൻ കഴിയുകയില്ല. ഉദാഹരണത്തിന് 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് വരെയുള്ള വൗച്ചറുകളുടെ തുടർച്ചയായ പരിശോധന സാധ്യമാകുന്ന തരത്തിൽ ഒരു ബിൽ രജിസ്റ്ററോ, പേയ് മെന്റ് വൗച്ചർ ലിസ്റ്റോ ഇപ്പോൾ ILGMSൽ ലഭ്യമല്ല.

6. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ഇപ്പോൾ ILGMSൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.09.2021 മുതൽ 10.09.2021 വരെ | 01.10.2020 മുതൽ 31.03.2021 വരെ | 11.10.2021 (സ്ഥാപനം ലഭ്യമാക്കിയ രേഖ പ്രകാരം ഇ മെയിൽ മുഖേന മാത്രമാണ് റിപ്പോർട്ട് ലഭ്യമായത്) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-12-2017 | 2012-13 മുതൽ 2016-17 വരെ | 25-1-2018 |

## 1-11 സേവന ഫീസ് - നഗരസഭ തീരുമാനം എടുത്തില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ 8.03.2019 ലെ സ ഉ ( അച്ചടി) നം 28/2019 ധന ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക്

5 % നിരക്കിൽ അധിക ഫീസ് വാങ്ങാം. ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നത് തനത് വരുമാനം കുറഞ്ഞ ചേന്ദമംഗലം ഗ്രാമ പഞ്ചായത്തിന് അധിക വരുമാനത്തിന് ഉതകും. ഇപ്രകാരം അധിക നിരക്ക് വാങ്ങുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 3/23.06.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്ത് ഉത്തരവിലെ വ്യവസ്ഥ പരിഗണിച്ച് അനുയോജ്യമെങ്കിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. ഇവ ഈടാക്കുന്നതിന് റെവന്യൂ റിക്കവറി നടത്തിയതായി കാണുന്നു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| Sl. No | പേര് | കെട്ടിട നം / വാർഡ് | വർഷം | കെട്ടിടം | കെട്ടിട നികുതി/year | ആകെ തുക |
|---|---|---|---|---|---|---|
| 1 | വി കെ ഷാജി | 58/14 | 2008 -2009മുതൽ 2021-22 വരെ | റെസിഡെൻഷ്യൽ | 182 | 4407 |
| 2 | ഷാജി എന്ന ബാബു | 445/14 | 2010-11മുതൽ 2021-22 വരെ | റെസിഡെൻഷ്യൽ | 73 | 1848 |
| 3 | ജസ്റ്റിൻ ടി പി, ഷീബ (തച്ചിലേത്ത്) | 114/15 | 2019-20 മുതൽ 2021-22 വരെ | റെസിഡെൻഷ്യൽ | 1770 | 10624 |
| 4 | സെക്രട്ടറി കൊടിയൻ ഫാമിലി അസോസിയേഷൻ | 16UA/9 | 2014 -15 മുതൽ 2021-22 വരെ | കൊമേഴ്സ്യൽ | 68494 | 447952 |

ക്രമ നം 4 - ൽ വസ്തു നികുതി സംബന്ധിച്ച് കേസ് നിലനിൽക്കുന്നു. കേസിന്റെ ഇപ്പോഴത്തെ അവസ്ഥ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ക്രമ നം. 1,2 എന്നീ കെട്ടിടങ്ങൾ ചിട്ടി തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് കണ്ട് കെട്ടിയിട്ടുള്ളതാണ് എന്നും ക്രമ നം. 3 പ്രകാരമുള്ള കെട്ടിടം ബാങ്കിന്റെ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നതായും അത് പൂർത്തിയാകുന്ന മുറക്ക് നികുതി അടവാക്കാമെന്നും ബാങ്ക് അറിയിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ക്രമ നം. 4 പ്രകാരമുള്ള കെട്ടിടം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതായും മറുപടിയിൽ പറയുന്നു.

മറുപടി അംഗീകരിക്കുന്നു. നികുതി ഈടാക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-13 മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവ് വിവരങ്ങൾ അടങ്ങുന്ന രേഖകൾ ലഭ്യമാക്കിയില്ല

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർക്ക് നൽകിയ താഴെപ്പറയുന്ന തുകയുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

| തീയതി | വൗച്ചർ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|---|
| 30.04.2020 | 22000065 | 0066581/30.04.20 | 2,70,000/- |

തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/28.06.2022)മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 2,70,000/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് വിവരങ്ങൾ അടങ്ങുന്ന രേഖകൾ ഹാജരാക്കേണ്ടതാണ് .

## 1-14 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതി- അപാകതകൾ

1.കൈപ്പറ്റ് രേഖകൾ ലഭ്യമാക്കിയില്ല - 32,80,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 27/21

പ്രോജക്ടിന്റെ പേര് : ലൈഫ് ഭവനപദ്ധതി ഫേസ് 2

നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ : വി .ഇ.ഒ .

ആകെ അടങ്കൽ : 2,00,00,000/- (പ്ലാൻ ഫണ്ട്- 80,000/-, സംസ്ഥാനാവിഷ്കൃത ഫണ്ട്- 50 ലക്ഷം, ബ്ലോക്ക് വിഹിതം-9,80,000/-, ജില്ലാ പഞ്ചായത്ത് വിഹിതം-29,40,000/-, മറ്റുള്ളവ-1,10,00,000/- )

ആകെ ചെലവ് : 32,80,000/- (പ്ലാൻ ഫണ്ട്- 80,000/-, സംസ്ഥാനാവിഷ്കൃത ഫണ്ട്- 1160000/-, മറ്റുള്ളവ- 20,40,000/- )

| ക്രമ നം. | ബിൽ നം. /തീയതി | തുക(രൂ.) |
|---|---|---|
| 1. | 71/27.05.20 | 80000/- |
| 2. | 77/12.06.20 | 40000/- |
| 3. | 103/29.07.2020 | 80000/- |
| 4. | 110/13.08.20 | 120000/- |
| 5. | 111/13.08.2020 | 40000/- |
| 6. | 104/29.07.2020 | 480000/- |
| 7. | 114/19.08.2020 | 100000/- |
| 8. | 134/06.10.2020 | 100000/- |
| 9. | 135/06.10.2020 | 320000/- |
| 10. | 204/22.01.21 | 940000/- |
| 11. | 230/22.02.2021 | 300000/- |
| 12 | 293/12.03.2021 | 580000/- |
| 13 | 294/15.03.2021 | 100000/- |

വി.ഇ.ഓ. നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ക്യാഷ് ബുക്ക് ശരിയായ വിധത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.14 തീ. 29.06.2022) മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണോദ്യോഗസ്ഥൻ . ടി.ആർ. 7 എ- ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് -ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ വരവ്, ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി -IV) സൂക്ഷിക്കണം. നിർവ്വഹണോദ്യോഗസ്ഥർക്ക് ചെക്ക്/ഡി.ഡി.എന്നിവ ലഭിക്കുമ്പോൾ ക്യാഷ്ബുക്കിന്റെ വരവ് കോളത്തിൽ രേഖപ്പെടുത്തണം. ബില്ലുകളുടെ കാര്യത്തിൽ ബിൽ ക്യാഷ് ചെയ്ത ശേഷം മാത്രം വരവ് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 32,80,000/- രൂപ തടസ്സപ്പെടുത്തുന്നു.

2. തൊഴിൽ സംരംഭം -പ്രൊജക്ട് നിർവ്വഹണത്തിൽ നിബന്ധനകൾ പാലിച്ചില്ല

പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പ്രൊജക്ട് ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് നം ( കൈ ) 170/2019 തസ്വഭവ 23/12/2019 എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. പ്രൊജക്ടിന്റെ ഫയലിൽ അവശ്യ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രൊജക്ട് നിർവ്വഹണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താൻ സാധിച്ചില്ല.അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/28.06.2022) 29.06.2022 ന് മറുപടി നൽകി. ആയത് കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | S0263/21 |
| പ്രൊജക്ടിന്റെ പേര് | പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് തൊഴിൽ സംരംഭം ( സ്പിൽ ഓവർ പ്രൊജക്ട് ) |
| എസ്റ്റിമേറ്റ് തുക | 5000000/- |
| ഫണ്ടിനം | വികസന ഫണ്ട് പൊതു വിഭാഗം - 2500000<br>ധനകാര്യ സ്ഥാപന വായ്പ – 2500000<br>ആകെ - 5000000/- |
| ചെലവ് | 2420000/- |
| ബിൽ നം | 299/16/03/2021 – 10000<br>265/27/02/2021 – 2320000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ചേന്ദമംഗലം |

121 ഗുണഭോക്താക്കൾക്കാണ് 20000 രൂപ വീതം ഗ്രാമ പഞ്ചായത്ത് സബ്സിഡി നൽകിയിട്ടുള്ളത്. പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

I) അംഗീകാരം ലഭിച്ച പ്രൊജക്ട് പ്രകാരം താഴെ പറയുന്നവയാണ് ഫണ്ടിനമായി രേഖപ്പെടുത്തിയിട്ടുള്ളത്.

| | |
|---|---|
| സബ്സിഡി | 25000 |
| വായ്പ | 25000 |

എന്നാൽ പ്രൊജക്ട് റിപ്പോർട്ട് പ്രകാരം വിഭവ സ്രോതസ്സ് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| സബ്സിഡി | 20000 |
| വായ്പ | 20000 |
| ഗുണഭോക്തൃ വിഹിതം | 10000 |

അംഗീകാരം ലഭിച്ച പ്രൊജക്ടിൽ നിന്ന് വിഭിന്നമായി പ്രൊജക്ട് റിപ്പോർട്ടിൽ വിഭവ സ്രോതസ്സ് നിർണ്ണയിക്കുകയും തുക ചെലവഴിക്കുകയുമാണ് ചെയ്തത്.ഇക്കാര്യം സംബന്ധിച്ച് നൽകിയ മറുപടിയിൽ ഗുണഭോക്താക്കളുടെ പ്രൊജക്ട് കോസ്റ്റിന്റെ ഭാഗമായാണ് ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതി സബ് സിഡി മാർഗ്ഗരേഖ പ്രകാരമാണ് നടപ്പാക്കിയിട്ടുള്ളതെന്നും അറിയിച്ചു.

ii) സബ്സിഡി തുക ഗ്രാമ പഞ്ചായത്ത് ബാങ്കുകൾക്ക് നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ബാങ്കിന്റെ പേര് | തുക അനുവദിച്ച ബിൽ നം | തുക |
|---|---|---|---|
| 1 | ചാത്തേടം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 299/16/03/2021 | 100000 |
| 2 | ചേന്ദമംഗലം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 265/27/02/2021 | 2320000 |
| | ആകെ | | 2420000 |

ബാങ്ക് സബ്സിഡി തുകയും, വായ്പയും ഗുണഭോക്താക്കൾക്ക് അനുവദിച്ചതിന്റെ രേഖകളും ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതിന്റെ യാതൊരു രേഖകളും ലഭ്യമാക്കിയില്ല.

iii) ഫയലിൽ സൂക്ഷിച്ചിട്ടുള്ള ചേന്ദമംഗലം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ 02/06/2020 ലെ കത്ത് പ്രകാരം സബ്സിഡി 20000 രൂപ ലഭിക്കുന്ന മുറക്ക് 40000 രൂപ വായ്പ അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബാങ്ക് 20000 രൂപയാണോ അതോ സബ്സഡി തുക ഉൾപ്പെടുത്തി 40000 രൂപയാണോ ലോണായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. 40000 രൂപയും ലോണായിട്ടാണ് അനുവദിച്ചതെങ്കിൽ ഗുണഭോക്താക്കൾ സബ്സിഡി തുകക്കുൾപ്പെടെ പലിശ അടക്കേണ്ടി വരും. ഇക്കാര്യം സംബന്ധിച്ച് വ്യക്തത വരുത്തി വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.

Iv) ഗുണഭോക്തൃ വിഹിതമായ 10000 രൂപ ശേഖരിച്ചതിന്റേയും വിനിയോഗിച്ചതിന്റേയും വിശദ വിവരം ഫയലിൽ ലഭ്യമല്ല. വ്യക്തിഗത പ്രൊജക്ട് റിപ്പോർട്ടിൽ മാത്രമുള്ള തുകയായതിനാലാണ് വിവരം ലഭ്യമല്ലാത്തതെന്ന് മറുപടി ലഭ്യമാക്കി.

V) ചേന്ദമംഗലം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിനു വേണ്ടിയുള്ള തുകയായ 2320000 രൂപ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ നോർത്ത് പറവൂർ ബ്രാഞ്ചിന്റെ അക്കൗണ്ട് നം 015101000000001 എന്ന അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ട്രഷറി ഇടപാടുകൾ നടത്തുന്നത് ജില്ലാ ബാങ്ക് മുഖാന്തിരമായതിനാലാണ് ഇപ്രകാരം തുക നൽകിയതെന്ന് മറുപടി ലഭ്യമാക്കി.

Vi) പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കണെമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

പ്രൊജക്ടുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകളുടെ അഭാവത്തിലും അപാകതകൾ സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്തതിനാലും പ്രൊജക്ട് നിർവ്വഹണത്തിന്റെ ശരിയായ വിലയിരുത്തൽ ഓഡിറ്റിൽ സാധ്യമായില്ല. ഇക്കാരണത്താൽ 2420000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 തൊഴിലുറപ്പ് പദ്ധതി - ജി എസ് ടി - ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് നിയമാനുസൃത ജി എസ് റ്റി - റ്റി ഡി എസ് ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ഇ ജി എസ് - സി /16/ആർ ഇ ജി എസ് നം സർക്കുലർ പ്രകാരം ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/കരാറുകാരൻ നേരിട്ട് പഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തി (എം ഐ എസി ൽ ഉറവിടത്തിൽ കുറവ് ചെയ്യുന്നത് സാധ്യമല്ലാത്തതിനാൽ )യാണ് ബിൽ തുക സെറ്റിൽ ചെയ്യേണ്ടത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ബില്ലിലെ കരാറുകാരന്റെ തുക 2.5 ലക്ഷത്തിനു മുകളിലാണെങ്കിലും ഇപ്രകാരം റ്റി ഡി എസ് കുറവ് ചെയ്തിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 2/23.06.2021) മറുപടി ലഭ്യമാക്കിയില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ എം ബുക്ക് നം | കരാറുകാരന്റെ പേര് | കരാറുകാരനു നൽകിയ തുക | തുക നൽകിയതിന്റെ വിവരം (അക്കൗണ്ട് നം, ബിൽ നം, തീയതി) | ഈടാക്കേണ്ട ജി എസ് റ്റി |
|---|---|---|---|---|---|
| 1 | ചേന്ദമംഗലം വാർഡ് 3 സെൻറ് സെബാസ്റ്റ്യൻ | ഇഗ്നേഷ്യസ് കെ ജെ | 299159.00 | 856410110000178, 1/12/2020,16/01/2021 | 5983 |

| | | | | | |
|---|---|---|---|---|---|
| | ലിങ്ക് റോഡ് നിർമ്മാണം, 30/20-21 | | | | |
| 2 | ചേന്ദമംഗലം വാർഡ് 9 സെൻറ് മേരീസ് ക്രോസ്സ്റോഡ് നിർമ്മാണം ഘട്ടം 1,33/20-21 | അച്ചു കെ എസ് | 289803.00 | 673719289904,1/12/2020 | 5796 |
| 3 | ചേന്ദമംഗലം വാർഡ് 4 കെ കെ റോഡ് നിർമ്മാണം, 54/20-21 | ബിജിൽ കുമാർ റ്റി എസ് | 262897.00 | 001001005321/1/12/2020 | 5258 |
| ആകെ | | | | | 17037 |

ജി എസ് റ്റി റ്റി ഡി എസ് ഇനത്തിലെ 17037/- രൂപ ഈടാക്കി ജി എസ് റ്റി അക്കൗണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-16 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| പ്രോജക്ട് നം. | 3/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ പദ്ധതി അടങ്കൽ | 22,00,000/-രൂപ (വികസന ഫണ്ട്: 1200000/- കേന്ദ്രാവിഷ്കൃത ഫണ്ട് : 1000000/-) |
| ആകെ പദ്ധതി ചെലവ് | 2085943/- രൂപ (വികസനഫണ്ട് : 1200000/- കേന്ദ്രാവിഷ്കൃത ഫണ്ട് : 885943/-) |

2020-21 വർഷം നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാരം പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ കി.ഗ്രാമിന് 70/- രൂപ, 85.50/- എന്നീ നിരക്കുകളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് കോമൺഫെസിലിറ്റി സെൻ്റർ, ചൂർണ്ണിക്കര ആണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം. 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.06.2021ലെ 149/05 /2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം

താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം/ തീയതി/തുക | അളവ്(kg.)/നിരക്ക് (രൂ./kg.)/ | ന്യൂട്രിമിക്സിന്റെ വില അളവ് X നിരക്ക് (രൂ./kg.) | ചുമത്തിയ ജി.എസ്.ടി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 5/20-21 തീ. 08.06.2020 76040/- | 1020 Kg. 70/- | 71400/- (1020 X 70) | 3620/- |
| 2. | 5/20-21 തീ. 08.06.2020 89683/- | 1203 Kg. 70/- | 84210/- | 4270/- |
| 3. | 5/20-21 തീ. 08.06.2020 48780/- | 542 Kg. 85.50/- | 46341/- | 2439/- |
| 4. | 4/20-21 തീ. 08.06.2020 49320/- | 548 Kg. 85.50/- | 46854/- | 2466/- |
| 5. | 4/20-21 തീ. 08.06.2020 94826/- | 1272 Kg. 70/- | 89040/- | 4514/- |
| 6. | 7/20-21 തീ. 23.07.2020 49500/- | 550kg. 85.50/- | 47025/- | 2475/- |
| 7. | 7/20-21 തീ. 23.07.2020 100417/- | 1347kg 70/- | 94290/- | 4780/- |
| 8. | ചെക്ക് നം.10009714 തീ.06.11.2020 153684/- | 2061.50kg 70/- | 144305/- | 7318/- |
| 9. | ചെക്ക് നം. 10009715 തീ.13.11.2020 49320/- | 548kg. 85.50/- | 46854/- | 2466/- |
| 10. | ചെക്ക് നം. 10009715 തീ.13.11.2020 48240/- | 536kg. 85.50/- | 45828/- | 2412/- |
| 11. | ചെക്ക് നം. 91000918 തീ.10.02.2021 46260/- | 514kg. 85.50/- | 43947/- | 2313/- |
| 12. | ചെക്ക് നം. 91000918 തീ.10.02.2021 136426/- | 1830kg. 70/- | 128100/- | 6496/- |
| 13. | ചെക്ക് നം. 91000918 തീ.10.02.2021 132400/- | 1776kg. 70/- | 124320/- | 6304/- |

| | | | | |
|---|---|---|---|---|
| 14. | ചെക്ക് നം. 10018625 തീ.06.03.2021 43200/- | 480 Kg. 85.50/- | 41040/- | 2160/- |
| 15. | ചെക്ക് നം. 10018625 തീ.06.03.2021 46620/- | 518kg. 85.50/- | 44289/- | 2331/- |
| 16. | ചെക്ക് നം. 10018625 തീ.06.03.2021 146489/- | 1965kg. 70/- | 137550/- | 6974/- |
| 17. | ചെക്ക് നം. 10018626 തീ.17.03.2021 42480/- | 472kg 85.50/- | 40356/- | 2124/- |

കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടും മേൽപറഞ്ഞിരിക്കുന്ന വിധത്തിൽ ജി.എസ്.ടി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം4/23.06.2022) ക്ക് മറുപടി തൃപ്തികരമല്ല. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും , പ്രിന്റർ, സ്കാനർ, ഫാൻ എന്നിവ വാങ്ങൽ. |
| പ്രോജക്ട് നം. | 162/20-21 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ആകെ പദ്ധതി അടങ്കൽ | 65,000/-രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ആകെ പദ്ധതി ചെലവ് | 39797/- രൂപ |

"കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും, പ്രിന്റർ, സ്കാനർ, ഫാൻ എന്നിവ വാങ്ങൽ" എന്ന പ്രോജക്ടിനായി 39,797/- രൂപ കെൽട്രോണിന് കൃഷി ഓഫീസർ കൊടുത്തിരിക്കുന്നു (ബിൽ നം. 271/04.03.2021). എന്നാൽ ടി ഉപകരണങ്ങൾ കൃഷിഭവനിൽ ഇതുവരെയും ലഭ്യമായിട്ടില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.8/27.06.2022) കമ്പ്യൂട്ടർ ലഭിക്കുന്നതിനുള്ള വർക്ക് ഓർഡറിന്റെ കാലാവധി 31.03.2022 -ന് അവസാനിച്ചതിനാൽ പുതിയ വർക്ക് ഓർഡർ നൽകണമെന്നും,ഈ പ്രോജക്ട് പ്രകാരം ആവശ്യപ്പെട്ടിരുന്ന Specification ൽ ഉള്ള Computer ന് നിലവിൽ തുക കൂടുതലാണെന്നും കെൽട്രോൺ അറിയിച്ചിട്ടുള്ളതായിട്ടാണ് മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ല. ടി ഉപകരണങ്ങൾ കൃഷിഭവനിൽ ലഭ്യമാക്കിയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കുന്നതുവരെ 39,797/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 സംരക്ഷണ ഭിത്തിക്ക് സിമന്റ് ഉപയോഗിച്ച് കരിങ്കല്ല് കെട്ടുന്നത് അംഗീകരിക്കാനാകില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുള്ളത് സിമന്റ് ഉപയോഗിച്ചാണ്. സാധാരണ സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടത് ഡ്രൈ ഡ്രബിൾ ഉപയോഗിച്ചാണ്. സംരക്ഷണ ഭിത്തി സിമന്റ് ഉപയോഗിച്ച് കരിങ്കല്ല് കൊണ്ട് കെട്ടുന്നതിന്റെ ആവശ്യകത വ്യക്തമല്ല. ഡ്രൈ ഡ്രബിൾ ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമിക്കുന്നതിന്റെ ഏതാണ്ട് മൂന്ന് മടങ്ങ് തുകയാണ് സിമന്റ് ഉപയോഗിച്ച് കരിങ്കല്ല് കൊണ്ട് നിർമ്മിക്കുമ്പോൾ ചെലവാകുന്നത്. ഡ്രൈ ഡ്രബിൾ ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമിക്കുന്നതിന് DSR Item No. 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് 2684.91/m3

മാത്രമാണ്.

1

| | |
|---|---|
| പ്രൊജക്റ്റ് | 221/21 |
| പ്രവൃത്തി | ചുറ്റുമതിൽ നിർമ്മാണം അംഗൻവാടി നം. 66 വാർഡ് 12 |
| കരാറുകാരൻ | നാസർ പി കെ |
| എസ്റ്റിമേറ്റ്ഏഎ | 8,00,000/- |
| ആകെ പ്രവൃത്തി | 1,99,928/- Bill No. 30/20-21 Dated 5-11-20 |
| DSR/ Cost Index | 2016/ 39.89% |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ചുറ്റുമതിലിന്റെ സംരക്ഷണഭിത്തിയുടെ ഫൗണ്ടേഷനം ബേസ്മന്റും സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ ഭിത്തി നിർമ്മിക്കുക എന്നതാണ് . എംബുക്ക് പ്രകാരം സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ ഭിത്തി നിർമ്മിച്ചതിന് ഐറ്റം നം Od24330/19-12 (RR- 1:6) പ്രകാരം

ഫൗണ്ടേഷൻ 5.873m3 – ഉം ബേസ്മന്റ് 7.83 M3 – ഉം ഉൾപ്പെടെ

13.734m3 X 4916.63 /M3 = 67,373/- രൂപ നല്കിയിട്ടുണ്ട്.

2.

| | |
|---|---|
| ഫയൽ നമ്പർ | 189/21 |
| പ്രവൃത്തി | കരിമ്പാടം സബ്സെന്റർ കോമ്പൗണ്ട് വാൾ നിർമ്മാണം |
| കരാറുകാരൻ | കെ ഭാസ്കരൻ പിള്ള |
| എസ്റ്റിമേറ്റ്ഏഎ | 2,59,123 |
| ആകെ പ്രവൃത്തി | 2,59,123 Bill No 14/20-21 Dated 29-4-21 |
| DSR/ Cost Index | 2016/ 39.89% |
| | |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ചുറ്റുമതിലിന്റെ സംരക്ഷണഭിത്തിയുടെ ഫൗണ്ടേഷനം ബേസ്മന്റും സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ ഭിത്തി നിർമ്മിക്കുക എന്നതാണ് . എംബുക്ക് പ്രകാരം സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ ഭിത്തി നിർമ്മിച്ചതിന് ഐറ്റം നം Od252772/19-20 (RR- 1:6) പ്രകാരം

ഫൗണ്ടേഷനം ബേസ്മന്റും ഉൾപ്പെടെ

13.31m3 X 4916.63m3 /M3 = 65,440/- രൂപ നല്കിയിട്ടുണ്ട്.

3.

| | |
|---|---|
| ഫയൽ നമ്പർ | 243/21 |
| പ്രവൃത്തി | കോട്ടുകാട് സബ്സെന്റർ കോമ്പൗണ്ട് വാൾ നിർമ്മാണം |
| കരാറുകാരൻ | ബൈജു വി എസ് |
| എസ്റ്റിമേറ്റ് | 2,70,000/- |
| ആകെ പ്രവൃത്തി | 2,68,997 Bill No 88/20-21 Dated 17-3-21 |
| DSR/ Cost Index | 2016/ 39.89% |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ചുറ്റിമതിലിന്റെ സംരക്ഷണഭിത്തിയുടെ ഫൗണ്ടേഷനം ബേസ്മന്റും സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ ഭിത്തി നിർമ്മിക്കുക എന്നതാണ് . എംബുക്ക് പ്രകാരം സിമന്റ് ഉപയോഗിച്ചുള്ള കരിങ്കൽ ഭിത്തി നിർമ്മിച്ചതിന് ഐറ്റം നം 7.1.1 (RR- 1:6) പ്രകാരം

ഫൗണ്ടേഷനം ബേസ്മന്റും ഉൾപ്പെടെ

13.267m3 X 5547.83m3 /M3 = 73,603/- രൂപ നല്കിയിട്ടുണ്ട്.

ഡ്രൈ റബ്ബിൾ ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് DSR Item No. 60.7.1 പ്രകാരം DR

പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് 2684.91/m3 മാത്രമാണ് എന്നിരിക്കേ അതിന്റെ ഇരട്ടി നിരക്ക് നൽകി. RR ചെയ്തതിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ഇത് ബലക്കുറവുള്ള മണ്ണാണ് എന്നും ജലത്തിന്റെ ലെവൽ ഉയർന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ RR ചെയ്യേണ്ടതിന്റെ ആവശ്യകത ഫയലിൽ വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ RR ചെയ്യുന്നതിന് കാരണമായവ അല്ല എന്നും കാണുന്നു. ഇത് സംബന്ധിച്ച് അന്വേഷിച്ച് മറുപടി നല്കേണ്ടതാണ്. RRM പണിയുന്നത് കാരണം വെള്ളം ഒഴുകി പോകുവാൻ തടസ്സമായതിനാൽ ടി ഭിത്തി ഇടിഞ്ഞ്പോകുവാൻ സാധ്യത കൂടുതലാണ്, ആയതിനാൽ സംരക്ഷണഭിത്തി DRM പ്രകാരം പണിയുന്നതാണ് കൂടുതൽ ഉറപ്പ് എന്ന് മനസ്സിലാക്കുന്നു.

1-19 അധികം കമ്പി ഉപയോഗിച്ചത് വിശദീകരണം നൽകേണ്ടതാണ്.

കാനയുടെ കവറിംഗ് സ്ലാബ് നിർമ്മിക്കുന്നതിന് അധികം കമ്പി ഉപയോഗിച്ചിരിക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് നം | 44/21 |
| പ്രവൃത്തി | കോളനി റോഡ് - റികോൺക്രീറ്റിംഗ്-ഡ്രെയിൻ അറ്റകുറ്റ പണി |
| കരാറുകാരൻ | സുരേഷ് ടി ജി |
| എം ബുക്ക് | 322/19-20 |
| എസ്റ്റിമേറ്റ് | 14,95,000/- |
| ആകെ പ്രവൃത്തി | 4.92,845 - Bill No 33/20-21 Dtd 30-10-20 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കാനയുടെ കവറിംഗ് സ്ലാബ് പണിയുന്നത് (Item No. 5.1.2)

50m X 0.8mx 0.15m = 6m3

Struts - 0.277 M3

ആകെ - 6.277m3

എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയ്ക്ക് ആവശ്യമായ കമ്പിയുടെ അളവ് കണക്കാക്കിയത്

6.277 M3 X 150 Kg/m3 = 919.39kg ആണ്.

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം 80 Cm നീളവും 50 Cm വീതിയും 15 Cm കനത്തിലാണ് കവറിംഗ് സ്ലാബ് പണിതത്. ഇതിന്റെ ആകെ അളവ്..

6.149 M3

ഇതിന് ആവശ്യമായ കമ്പിയുടെ അളവ് കണക്കാക്കി തുക നൽകിയത് (Item No.5.22.6)

896.586kg X 79.18/kg = 70,992/- രൂപ

അതായത് ഒരു എം3 കോൺക്രീറ്റിംഗിന് 145.81 Kg കമ്പി ഉപയോഗിച്ചിരിക്കുന്നു. ഇത്രയും അധികം കമ്പി ഉപയോഗിച്ചത് സംബന്ധിച്ച് അന്വേഷിച്ച് മറുപടി നല്കേണ്ടതാണ്.

ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ഇത് വാഹനങ്ങൾ സഞ്ചരിക്കുന്ന റോഡാണ് എന്നും ആയതിനാൽ 10 Mm കമ്പി ഉപയോഗിച്ച് 2 ലെയർ കമ്പി ഉപയോഗിച്ചാണ് സ്ലാബ് നിർമ്മിച്ചതും എന്നുമാണ് നൽകിയത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 10 Mm കമ്പി 5 Cm അകലത്തിൽ ഒരു ലയർ മാത്രം കമ്പി ഉപയോഗിച്ചാണ് സ്ലാബ് നിർമ്മിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഇത് ഇത് വാഹനങ്ങൾ സഞ്ചരിക്കുന്ന റോഡാണോ എന്നും ഫയലിൽ വ്യക്തമല്ല. എന്നാൽ പോലും ഇത്രയും അധികം കമ്പി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കേണ്ടതാണ്.

### 1-20 ടോയ് ലറ്റ് നിർമ്മാണ പ്രൊജക്ട് - വ്യവസ്ഥകൾ പാലിച്ചില്ല.

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ടേക്ക് എ ബ്രേക്ക് ടോയ് ലറ്റ് നിർമ്മാണ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | SO313/21 |
| പ്രൊജക്ടിന്റെ പേര് | ഗ്രാമീണ വായനശാല ചാത്തേടം പൊതു ടോയ് ലറ്റ് നിർമ്മാണം |
| എസ്റ്റിമേറ്റ് തുക | 275000/- |
| ഫണ്ടിനം | കേന്ദ്രാവിഷ്കൃത ഫണ്ട് |
| എം ബുക്ക് നം | 30/2021-22 |
| ചെലവ്/ ബിൽ നം | 2020-21<br>40000/-<br>333/20-21/22.03.2021<br>2021/22<br>132928/-<br>ആകെ - 172928/- |
| കൺവീനർ | ഒ എ ആന്റണി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് നം (ഡി സി) 171/2020 തസ്വഭവ തീ.22/01/2020, 15/2021/തസ്വഭവ തീ.04/01/2021 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്.

പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1/21.06.2021) മറുപടി ലഭ്യമാക്കിയില്ല.

1. പ്രൊജക്ട് നിർവ്വഹണത്തിന് ഇത് സംബന്ധിച്ച് അന്വേഷിച്ച് മറുപടി നല്കേണ്ടതാണ്.ആധാരമായ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് നം ( ഡി സി ) 171/2020 ത സ്വ ഭ വ 22/01/2020 പ്രകാരം യൂണിറ്റ് കോസ്റ്റായ 2 ലക്ഷം രൂപയിൽ 20000 രൂപ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വഹിക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ ചെലവ് തുകയായ 172928 രൂപയും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല. കൂടാതെ ശുചിത്വമിഷനിൽ നിന്ന് ലഭ്യമായ തുകയുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

2. ഉത്തരവ് പ്രകാരം പ്രവൃത്തി 2019-20 ൽ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2021-22 ലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. കാലതാമസത്തിന്റെ കാരണം വ്യക്തമല്ല.

3. നിർമ്മാണം പൂർത്തിയാക്കുന്ന ടോയ് ലറ്റ് പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കാൻ അനുവദിച്ചു കൊണ്ട് ലൈബ്രറി കൗൺസിൽ സമ്മത പത്രം നൽകണം. പ്രസ്തുത സമ്മത പത്രം ഫയലിൽ ലഭ്യമല്ല. സമ്മത പത്രം ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

4. ഉത്തരവ് നം 15/2021 പ്രകാരം പദ്ധതി നിർവ്വഹണം ശുചിത്വ മിഷൻ ജില്ലാ കോ - ഓർഡിനേറ്റർമാരുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്. ഇപ്രകാരം ചെയ്തിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തലില്ല.

5. 132928/- രൂപ നൽകിയ ബില്ലിന്റെ വിശദ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 76300 | ഗ്രാമം ഹരിതാഭം പച്ചക്കറി കൃഷി വികസനം | 76300 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 150000 | പെയിൻ ആന്റ് പാലിയേറ്റീവ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 350000 | ഭിന്നശേഷി പഠിതാക്കൾക്ക് സ്കോളർഷിപ്പ് | 350000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 459000 | ഫാദർ നിലവരേത്ത് ലിങ്ക് റോഡ് നിർമ്മാണം | 459000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 479230 | മാരായിൽ ടെമ്പിൾ റോഡ് കോൺക്രീറ്റിംഗ് | 479230 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 500000 | കൈനേടം റോഡ് ടൈൽ വിരിക്കൽ | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20-21 | 220000 | പാൽ വില സബ് സിഡി | 220000 | 0 |
| ആകെ | | 2234530 | | 2234530 | 0 |
| ജില്ലാ പഞ്ചായത്ത് | 20-21 | 12750 | നെൽകൃഷി വികസനം | 12750 | 0 |
| ജില്ല പഞ്ചായത്ത് | 20-21 | 800000 | ഫാദർ നിലവരേത്ത് ലിങ്ക് റോഡ് നിർമ്മാണം | 800000 | 0 |
| ജില്ല പഞ്ചായത്ത് | 20-21 | 499150 | കരിമ്പാടം വേലങ്കടവ് റോഡ് റീടാറിംഗ് | 499150 | 0 |
| ജില്ല പഞ്ചായത്ത് | 20-21 | 798902 | കുറുമ്പത്തുരുത്ത് സെൻട്രൽ റോഡ് റീടാറിംഗ് | 798902 | 0 |
| ജില്ല പഞ്ചായത്ത് | 20-21 | 807923 | മുണ്ട്യാത്തോപ്പ് റോഡ് റീടാറിംഗ് | 807923 | 0 |
| ജില്ല പഞ്ചായത്ത് | 20-21 | 900374 | വലിയ പഴമ്പിള്ളിത്തുരുത്ത്റോഡ് റീടാറിംഗ് | 900374 | 0 |
| ജില്ല പഞ്ചായത്ത് | 20-21 | 1114452 | കുറുമ്പത്തുരുത്ത് റോഡ് റീടാറിങ്ങ് | 1114452 | 0 |
| ജില്ല പഞ്ചായത്ത് | 20-21 | 61000 | പാൽ വില സബ്സിഡി | 61000 | |
| ജില്ല പഞ്ചായത്ത് | 20-21 | 94800 | പാൽ വില സബ്സിഡി | 94800 | |
| ആകെ | | 5089351 | | 5089351 | 0 |

ധനകാര്യ പത്രികയിൽ സംയുക്ത പ്രോജക്ടുകളുടെ 1-6 ലെ തുകയും RP-7 ലെ തുകകളും വ്യത്യാസപ്പെട്ടു കാണുന്നു. ആയതി പരിശോധിച്ച്. ധനകാര്യപത്രികയിൽ മാറ്റം വരുത്തേണ്ടതാണ്.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ പ്രോ.നം ചെക്ക്.നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ ഡബ്ല്യു എ | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 86/18/06/2020 | 194024 | 194024 | |
| കെ ഡബ്ല്യു എ | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | യു റ്റി ആർ നം CMS/000698935845 | 26420 | 26420 | |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 5062407201200000 | 696699 | 696699 | |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 12 | 67367/6.1.2021 | 85000 | 85000 | |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 4 | 32/11/04/2020 | 65876 | 65876 | |

ധനകാര്യ പത്രികയിൽ ഡെപ്പോസിറ്റ് ഇനത്തിൽ രേഖപ്പെടുത്തിയിരക്കുന്ന തുകയും വ്യത്യാസപ്പെട്ടു കിടക്കുന്നു. ആയത് പരിശോധിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം/ തീയതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ ലോൺ) | 68/2018 തീയതി 18.05.2018 111/2018 തീയതി 13.08.2018 511/2018 തീയതി 01.01.2019 | 3,96,25,837 | 3040000 | 42665837 | 2911334 | | 39754503 |
| | | | | | | | |

2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം KURDFC Loan ന്റെ ബാലൻസ് 3,96,25,837/- രൂപയാണ്. തിരിച്ചടവ് തുകയായ 27,50,000/- രൂപ Source Deduction ആയി കാണിച്ചിട്ടുണ്ട് എന്നാൽ ടി ഹെഡിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക് പ്രകാരം 2020-21 ലെ ഓപ്പണിംഗ് ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ളത് 3,96,25,837 രൂപയാണ് . ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടിലും 3,96,25,837 രൂപയായി കണക്കാക്കിയിരിക്കുന്നു.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | | തൊഴിൽ നികുതി | മറുപടി തയ്യാറാക്കി ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാകുന്നു. |
| 2015-16 | 2-2 | | | | |

## 4-9 ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 100393381.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 92490431.00 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 6009797/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 1-13 | 270000 | | ഡോ.മഞ്ജു. കെ.എസ്, മെഡിക്കൽ ഓഫീസർ, മൂത്തകുന്നം പി.എച്ച്.സി |
| 1-14-1 | 3280000 | 940000.00 | വിജയ, വി.ഇ.ഒ, കളവൻപാറ ഹൗസ്, എളങ്കുന്നപ്പുഴ പി.ഒ, പിൻ. 682503 |
| | | 420000.00 | സാബിക്ക്, വി ഇ ഒ, തേപ്പറമ്പിൽ, മാഞ്ഞാലി, മന്നം പി.ഒ |
| | | 1920000.00 | സന്ധ്യ പി,എസ്, വി ഇ ഒ |
| 1-14-2 | 2420000 | | സന്ധ്യ പി,എസ്, വി ഇ ഒ, |
| 1-17 | 39797 | | ആതിര വി.സി, കൃഷി ഓഫീസർ |
| ആകെ | 6009797 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേര്,ഉദ്യോഗപ്പേര് |
|---|---|---|
| 1-15 | 17037/- | വിജയശ്രീ പി പി, അസി.സെക്രട്ടറി |

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിരിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മഞ്ജു. കെ.എസ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, മൂത്തകുന്നം പി.എച്ച്.സി | കരിപ്പായിൽ (H) കരിമ്പാടം, ചേന്ദമംഗലം പി.ഒ., 683512 |
| വിജയ, വി.ഇ.ഒ | ജൂനിയർ കോ-ഓപ്പറേറ്റീവ് ഓഡിറ്റർ, O/o The Asst. Director Of Co-operative Audit, Kochi | കളവൻപാറ ഹൗസ്, എളങ്കുന്നപ്പുഴ പി.ഒ, പിൻ. 682503 |
| സാബിക്ക് റ്റി എസ്, വി ഇ ഒ | വി ഇ ഒ, വടക്കുംപുറം സർക്കിൾ, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | തേപ്പറമ്പിൽ, മാഞ്ഞാലി, മന്നം പി.ഒ |
| സന്ധ്യ പി.എസ്, വി ഇ ഒ | വി ഇ ഒ, പട്ടാമ്പി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, പാലക്കാട് | താതന്റെപറമ്പ്, ഘണ്ടകർണ്ണൻ വെളി, കൈതാരം പി.ഒ, നോർത്ത് പറവൂർ |

| | | |
|---|---|---|
| ആതിര വി.സി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | ഓളിപറമ്പിൽ, ഇടത്തിരിഞ്ഞി പി.ഒ, പിൻ. 680122 |
| സന്ധ്യ പി.എസ്, വി ഇ ഒ | വി ഇ ഒ, പട്ടാമ്പി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, പാലക്കാട് | താതന്റെപറമ്പ്, ഘണ്ഠകർണ്ണൻ വെളി, കൈതാരം പി.ഒ, നോർത്ത് പറവൂർ |
| ആതിര വി.സി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | ഓളിപറമ്പിൽ, ഇടത്തിരിഞ്ഞി പി.ഒ, പിൻ. 680122 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 6 |
| 2000-2001 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2001-2002 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 2 |
| 2002-2003 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2003-2004 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2004-05 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 3 |
| 2005-06 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 9 |
| 2006-07 | എൽ.എഫ്.ഇ(പി2) 751/10, 03.03.2011 | 2 |
| 2008-09 | എൽ.എഫ്.ഇ(പി2) 1751/11, 18.04.2012 | 4 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.ഇ(പി2) 1758/11, 18.04.2012 | 0 |
| 2011-12 | എൽ.എഫ്.ഇ(പി2) 2234/11, 13.12.2013 | 2 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി10) 295/15, 19.02.2015 | 8 |
| 2014-15 | എൽ.എഫ്.ഇ(പി10) 1173/16, 16.07.2016 | 9 |
| 2015-16 | എൽ.എഫ്.ഇ(പി12) 1924/16, 08.02.2016 | 7 |
| 2016-17 | എൽ.എഫ്.ഇ(പി12) 1652/17, 14.09.2017 | 6 |
| 2017-18 | എൽ.എഫ്.ഇ(പി12) 227/19, 21.03.2019 | 17 |
| 2018-19 | എൽ.എഫ്.ഇ(പി12) 276/20, 11.03.2020 | 10 |
| 2019-20 | കെ.എസ്.എ - ഇ.കെ.എം (പി-12)183/2022/05/05/2022 | 19 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്